(സി) കൊച്ചിയിൽ മില്ലിൽ നെല്ലുകുത്തുന്ന ഏർപ്പാട് നിറുത്തുന്നതു് എന്തുകൊണ്ടാണെന്നു പറയാമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്.

(ബി) അപേക്ഷകരം കിട്ടിയിട്ടുണ്ടു്.

(സി) കൊച്ചിയിൽ മില്ലിൽ നെല്ലുകുത്തുന്ന ഏർപ്പാടു് നിറുത്തുന്നില്ല. അതുകൊണ്ടു് (സി) ചോദ്യം ഉത്ഭവിക്കുന്നില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: മില്ലിൽ നെല്ലു് കുത്തുന്നതിലേയ്ക്കു് തിരുവിതാംകൂറിൽനിന്നും കിട്ടിയിട്ടുള്ള അപേക്ഷകരം ഇപ്പോഴും ഏതു നിലയിൽ ഇരിക്കുന്നു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ അപേക്ഷകരം ആലോചനയിൽ ഇരിക്കയാണു്.

മെഡിക്കൽ കോളേജാരംഭം

‡* ൭൯൩. (൯) ശ്രീ. വി. കെ. വറീസ്: താഴെ കാണുന്ന ചോദ്യങ്ങരംക്കു് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) മെഡിക്കൽ കോളേജു് എന്നു ആരംഭിക്കും;

(ബി) എത്ര വിദ്യാർത്ഥികരംക്കു് പ്രവേശനം ഉണ്ടു്;

(സി) ഏതെല്ലാം ക്ലാസുകരം ആണു് ഉണ്ടായിരിക്കുന്നതു്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ജൂലായി ൧൯൫൪.

(ബി) അറുപതോളം വിദ്യാർത്ഥികരംക്കു്.

(സി) എം. ബി. ബി. എസ്. ആദ്യവർഷം.

ശ്രീ. സി. വി. ഇയ്യു: ഇൻഡ്യൻ മെഡിക്കൽ കൌൺസിലിന്റെ അംഗീകാരം സിദ്ധിയ്ക്കുന്നതിനു് ശ്രമിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതിനുവേണ്ട ശ്രമങ്ങരം ചെയ്യുന്നുണ്ടു്.

ശ്രീ. കെ. എ. മാത്യു: സ്റ്റാഫിനെ സംബന്ധിച്ചു എന്തെങ്കിലും നടപടി നടത്തിയോ?

ശ്രീ. എ. ജെ. ജോൺ: ചിലരെയെല്ലാം പ്രൊപ്പോസ് ചെയ്തു അതിനുവേണ്ട നടപടികരം നടന്നുകൊണ്ടിരിക്കയാണു്.

വില്പനനികുതി നിയമം വകുപ്പു് ൧൦ (൧)

‡‡*൭൯൭. (൧൧) കോന്നാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

സെയിൽസ് ടാക്സു് ആക്ടു് ൧൦ (൧) സെക്ഷൻ പ്രകാരം എത്ര ഉറുപ്പിക പിഴ തൃശ്ശൂർ ഡിസ്ട്രിക്ടിൽനിന്നും പിരിച്ചിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ?

‡ Questioner being absent, Sri. C. V. Iyyu put the question.

‡‡ Answer to this question was laid on the table, the questioner being absent.

LIBRARY ARCHIVES Kerala Legislative Assembly